LIBRARY ARCHIVES Kerala Legislative Assembly

## വികസന പരിശീലന കേന്ദ്രങ്ങൾ

15 (1389) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പരിശീലന കേന്ദ്രങ്ങളിലെ തസ്തികകൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം എത്ര എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകളുണ്ടെന്നും ,അവയിൽ എത്ര ഒഴിവുകളുണ്ടെന്നുc വ്യക്തമാക്കാമോ;

(സി) എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ ഗ്രേഡ് I, II എന്നീ തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ട്.

(ബി&സി) സ്പെഷ്യൽ റൂളിൽ എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ ലക്ചറർ തസ്തിക ഉണ്ടെങ്കിലും ഇ.ടി.സി. കളിലൊന്നും തന്നെ ഈ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

## ഇന്ദിര ആവാസ് യോജന

16 (1390) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) . ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇന്ദിര ആവാസ് യോജനയുടെ സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ കൊല്ലത്തേയും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ; ഇത് അതത് വർഷം ആകെ ഫണ്ടിന്റെ എത്ര ശതമാനം വീതം വരുമെന്നറിയിക്കുമോ?